*Kerala Catholic Bishops' Council's*


# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

161st Issue - Volume 4, No. 42 ജാഗ്രത 26th November 2010

"Give me the children until they are seven and anyone may have them afterwards"

Saint Francis Xavier



SAINT FRANCIS XAVIER

## പ്രധാന വാർത്തകൾ

പ്രകൃതിവസ്തുക്കളെ കരുതലോടെ ഉപയോഗിക്കണം: കർദിനാൾ മാർ വർക്കി വിതയത്തിൽ

---

പൊതുസമൂഹത്തോടുള്ള കടപ്പാട് അധ്യാപകർ മറക്കരുത്: മാർ ജോസഫ് പവ്വത്തിൽ

---

അടിസ്ഥാനസൗകര്യ വികസനത്തിൽ സ്വകാര്യ-പൊതുമേഖല പങ്കാളിത്തം വേണം: മാർ തോമസ് ചക്യത്ത്

---

പുതുതലമുറയ്ക്ക് വിദ്യാഭ്യാസ വെളിച്ചം പകരാൻ സഭ മുന്നിലുണ്ടാകും: മാർ മാത്യു മൂലക്കാട്ട്

---

മതവിദ്വേഷവും വർഗീയതയും സാമൂഹ്യവിപത്ത്: ഡോ. ജോഷ്വ മാർ ഇഗ്നാത്തിയോസ്

---

യുവാക്കൾ പ്രബുദ്ധരാകണം: ഡോ. സൂസപാക്യം

---

സേവനദൗത്യത്തിൽ തദ്ദേശഭരണവുമായി സഹകരിക്കണം: ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil

## പ്രകൃതിവസ്തുക്കളെ കരുതലോടെ ഉപയോഗിക്കണം: കർദിനാൾ മാർ വർക്കി വിതയത്തിൽ

---



പ്രകൃതിയെയും പ്രകൃതിവസ്തുക്കളെയും കരുതലോടെ ഉപയോഗിക്കണമെന്നു സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ വർക്കി വിതയത്തിൽ ആഹ്വാനം ചെയ്തു. പരിസ്ഥിതിയും ദൈവശാസ്ത്രവും എന്ന വിഷയത്തിൽ സീറോ മലബാർ സഭ ലിറ്റർജിക്കൽ റിസർച്ച് സെന്റർ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സംഘടിപ്പിച്ച ത്രിദിന ഗവേഷക സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭാവി തലമുറയെ ഓർത്തുകൊണ്ടാവണം പ്രകൃതിവസ്തുക്കളെ ഉപയോഗിക്കേണ്ടത്. ദൈവം സൃഷ്ടിച്ചതു മനോഹരമായ പ്രകൃതിയെയാണ്. പ്രകൃതി സംരക്ഷണ വിഷയത്തിൽ സഭ എക്കാലത്തും വ്യക്തമായ നിലപാടുകളാണ് എടുത്തുവന്നിട്ടുള്ളത്. ജോൺ പോൾ രണ്ടാമൻ മാർപാപ്പയും ബനഡിക്ട് പതിനാറാമൻ മാർപാപ്പയും ഈ വിഷയത്തിൽ ശ്രദ്ധേയമായ പഠനങ്ങളും പരിശ്രമങ്ങളും നടത്തിയിട്ടുണ്ട്. ലിറ്റർജിക്കൽ റിസർച്ച് സെന്റർ ചെയർമാൻ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ചു. എൽആർസി എപ്പിസ്കോപ്പൽ മെംബർ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, ഇരിങ്ങാലക്കുട ബിഷപ് മാർ പോളി കണ്ണൂക്കാടൻ, എൽആർസി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ നടുത്താടം, റവ. ഡോ. പോളി മണിയാട്ട് എന്നിവർ പ്രസംഗിച്ചു. റവ. ഡോ. ഫ്രാൻസിസ് വിനീത് മുഖ്യ പ്രഭാഷണം നടത്തി.

## പൊതുസമൂഹത്തോടുള്ള കടപ്പാട് അധ്യാപകർ മറക്കരുത്: മാർ ജോസഫ് പവ്വത്തിൽ

---



പൊതുസമൂഹത്തോടുള്ള കടപ്പാട് അധ്യാപകർ മറക്കരുതെന്ന് ഇന്റർ ചർച്ച് കൗൺസിൽ ചെയർമാൻ ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ. തൊടുപുഴ ന്യൂമാൻ കോളജ് ഓഡിറ്റോറിയത്തിൽ 'വിദ്യാഭ്യാസവും കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി മാർ മാത്യു പോത്തനാമൂഴി അനുസ്മരണ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസരംഗത്ത് സമൂഹത്തിനു മാർഗദർശനം നൽകേണ്ട അധ്യാപകർ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് അവഗാഹമുള്ളവരായിരിക്കണം. വിദ്യാഭ്യാസരംഗത്തെ മൂല്യത്തകർച്ച സമൂഹത്തെ ബാധിക്കും. വ്യക്തിയുടെ വികാസത്തേക്കാളുപരി സമൂഹത്തിന്റെ വികാസമാണ് ഇതിലൂടെ ലക്ഷ്യംവയ്ക്കുന്നത്. പൊതുസമൂഹത്തിന്റെ സുസ്ഥിതിക്കും വളർച്ചയ്ക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനിവാര്യമാണെന്നും വിദ്യാഭ്യാസ മേഖലയിൽ സർക്കാർ ആധിപത്യം സ്ഥാപിക്കാനുള്ള ശ്രമം ഖേദകരമാണെന്നും അദ്ദേഹം പറഞ്ഞു. ക്രൈസ്തവസഭ വർഗീയത വളർത്തുന്നുവെന്ന് പറയുന്നത് ലജ്ജാകരമാണ്. പതിറ്റാണ്ടുകളായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുകയും ജാതിമതഭേദമെന്യേ ഏവർക്കും അറിവ് പകർന്നുനൽകുകയും ചെയ്യുന്ന സഭയ്ക്കെതിരേ ഇത്തരം ആരോപണങ്ങൾ ഉന്നയിക്കുന്നത് ഖേദകരമാണ്. വർഗീയ സംഘടനകളും രാഷ്ട്രീയസംഘടനകളുമാണ് ഇത്തരം ആരോപണങ്ങൾക്കു പിന്നിലെന്നും മാർ പവ്വത്തിൽ കൂട്ടിച്ചേർത്തു. വിദ്യാഭ്യാസമേഖലയിൽ ഏറെ സംഭാവനകൾ നൽകിയ മാർ മാത്യു പോത്തനാമൂഴി സ്മരിക്കപ്പെടേണ്ട വ്യക്തിയാണ്. സമൂഹത്തെ ദോഷകരമായി ബാധിക്കുന്ന എല്ലാ പ്രശ്നങ്ങളിലും ജനങ്ങൾ ജാഗ്രത പാലിക്കാറില്ല. എന്നാൽ, ഇത്തരം പ്രശ്നങ്ങൾ വരുമ്പോൾ സമൂഹത്തെ ഉണർത്തേണ്ടത് അധ്യാപകരുടെ കടമയാണെന്നും സമൂഹത്തിനു മാർഗ നിർദേശങ്ങൾ നൽകേണ്ട ഉത്തരവാദിത്വമാണ് ഇവർക്കുള്ളതെന്നും മനുഷ്യന്റെ മൗലികാവകാശങ്ങൾ കവർന്നെടുക്കാൻ ആർക്കും സാധിക്കില്ലെന്നും അദ്ദേഹം പറഞ്ഞു. കോതമംഗലം രൂപതാധ്യക്ഷൻ മാർ ജോർജ് പുന്നക്കോട്ടിൽ അധ്യക്ഷത വഹിച്ചു. മാർ മാത്യു പോത്തനാമൂഴിയുടെ മഹത്തായ സംഭാവനകളിലൊന്നാണ് ന്യൂമാൻ കോളജെന്നും വിദ്യാഭ്യാസ വിചക്ഷണനായിരുന്ന കാർഡിനൽ ന്യൂമാന്റെ പേരിൽ ഈ കോളജ് ആരംഭിച്ചത് ഇദ്ദേഹത്തിന്റെ കഠിനപരിശ്രമം കൊണ്ടാണെന്നും മാർ പുന്നക്കോട്ടിൽ പറഞ്ഞു. സാമ്പത്തികമായി ബുദ്ധിമുട്ടിയിരുന്ന സാഹചര്യങ്ങളിൽ പലഭാഗങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിച്ചാണ് ഈ കലാലയം അദ്ദേഹം ആരംഭിച്ചത്. ക്രൈസ്തവമൂല്യങ്ങൾ പകർന്നു നൽകുന്നതോടൊപ്പം സമൂഹപുരോഗതിക്കായി നിലകൊള്ളുന്ന ഈ കോളജ് മാനവമൈത്രിയുടെ പ്രതീകംകൂടിയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എടത്വ സെന്റ് അലോഷ്യസ് കോളജ് മുൻ പ്രിൻസിപ്പൽ റവ. ഡോ. തോമസ് പോത്തനാമൂഴി ആമുഖപ്രസംഗം

നടത്തി. കോളജ് ബർസാർ ഫാ. മാനുവൽ പിച്ചളക്കാട്ട് സ്വാഗതവും വൈസ് പ്രിൻസിപ്പൽ ഡോ. കെ.ജെ.ജോൺ നന്ദിയും പറഞ്ഞു.

## അടിസ്ഥാനസൗകര്യ വികസനത്തിൽ സ്വകാര്യ-പൊതുമേഖല പങ്കാളിത്തം വേണം: മാർ തോമസ് ചക്യത്ത്

---



അടിസ്ഥാനസൗകര്യ വികസനത്തിൽ സ്വകാര്യ-പൊതു പങ്കാളിത്തം ഉണ്ടാകേണ്ടതുണ്ടെന്ന് എറണാകുളം-അങ്കമാലി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് ചക്യത്ത് പറഞ്ഞു. തൃക്കാക്കര ഭാരത്മാതാ കോളജിലെ കോമേഴ്സ് വിഭാഗം റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപറേഷന്റെ സാങ്കേതിക സഹകരണത്തോടെ സംഘടിപ്പിച്ച ത്രിദിന ദേശീയ സെമിനാറിന്റെ ഉദ്ഘാടന സമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. ചേരികളുടെ നിർമാർജനം അടിസ്ഥാനസൗകര്യ വികസനത്തിൽ ഒഴിവാക്കാനാവാത്തതാണെന്നും മാർ ചക്യത്ത് ഓർമ്മിപ്പിച്ചു. ജില്ലാ കളക്ടർ ഡോ. എം. ബീന സെമിനാർ ഉദ്ഘാടനം ചെയ്തു. ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതികളും ശരിയായ പഠനവും അടിസ്ഥാനസൗകര്യ വികസനത്തിന് അനിവാര്യമാണെന്ന് കളക്ടർ പറഞ്ഞു. പ്രിൻസിപ്പൽ ഡോ. ലാലിയമ്മ ജോസ്, കൊമേഴ്സ് വിഭാഗം മേധാവി പ്രഫ. ജോയ് ജോസഫ് എന്നിവർ പ്രസംഗിച്ചു. 'അടിസ്ഥാന നഗരസൗകര്യം ധനകാര്യത്തിൽ' എന്ന വിഷയത്തിലാണ് സെമിനാർ. ആമുഖ സെഷനിൽ ഹഡ്കോ മുൻ സിഎംഡി വി. സുരേഷ്, പൂനെ സർവകലാശാലയിലെ മാനേജ്മെന്റ് സയൻസ് വിഭാഗം തലവൻ ഡോ. ബിബി സാങ്വികാർ എന്നിവർ പ്രഭാഷണം നടത്തി. കേരള സർവകലാശാലയിലെ പ്രഫ. സൈമൺ തട്ടിലിന്റെ അധ്യക്ഷതയിൽ കൊച്ചിൻ സെന്റർ ഫോർ പബ്ലിക് പോളിസി റിസർച്ച് ചെയർമാൻ ഡി. ധനരാജ് മുഖ്യവിഷയാവതരണം നടത്തി. തുടർന്നു നടന്ന സാങ്കേതിക സെഷനിൽ ജിയോജിത് മലയിൻകീഴ് ഇൻവെസ്റ്റ്മെന്റ് അനലിസ്റ്റ് ഡോ. വി.കെ. വിജയകുമാർ അധ്യക്ഷത വഹിച്ചു. കൊച്ചി നഗരവികസന നോഡൽ ഓഫീസർ ടി.കെ. ജോസ് മുഖ്യപ്രഭാഷണം നടത്തി.

## പുതുതലമുറയ്ക്ക് വിദ്യാഭ്യാസ വെളിച്ചം പകരാൻ സഭ മുന്നിലുണ്ടാകും: മാർ മാത്യു മൂലക്കാട്ട്

---



ആധുനിക തലമുറ ഇന്ന് അനുഭവിക്കുന്ന സൗകര്യങ്ങളേക്കാൾ നല്ല നാളെ വരും തലമുറയ്ക്കായി കരുതി വിദ്യാഭ്യാസ വെളിച്ചം പകർന്നു നല്കാൻ സഭ എന്നും മുന്നിലുണ്ടാകുമെന്ന് കോട്ടയം ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട്. രാജപുരം ഹോളി ഫാമിലി ഹയർ സെക്കൻഡറി സ്കൂൾ സുവർണജൂബിലി സമാപന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പള്ളിയോടൊപ്പം പള്ളിക്കൂടങ്ങളും സ്ഥാപിച്ച സഭയുടെ സേവനങ്ങൾ തള്ളിപ്പറയുന്നവർക്ക് വിദ്യയിലൂടെ വെളിച്ചം പകർന്നുകൊടുത്തു നാം മറുപടി പറയുമ്പോഴാണു ജൂബിലി ആഘോഷങ്ങൾക്കു പ്രസക്തിയുണ്ടാകുന്നതെന്നും അദ്ദേഹം പറഞ്ഞു. ദേവസ്വം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. ഗുണനിലവാരമുള്ള വിദ്യാഭ്യാസം വിദ്യാർഥികളുടെ അവകാശമാണെന്നും ഇതുനല്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അർഹമായവർക്കു അടിസ്ഥാന വിദ്യാഭ്യാസം നിഷേധിക്കുന്നുണ്ടെങ്കിൽ അതു ഗൗരവമായി കാണുമെന്നും അദ്ദേഹം പറഞ്ഞു. കള്ളാർ പഞ്ചായത്തു പ്രസിഡന്റ് എച്ച്.വിഘ്നേശ്വര ഭട്ട്, അഡ്വ.ഫാ.ജോസഫ് കീഴങ്ങാട്ട്, എ.എം ജോസ്, ഫാ.ജോസ് കുറുപ്പുന്തറ, വി.കുഞ്ഞിക്കണ്ണൻ, ജിജി കുര്യൻ, സിസ്റ്റർ ജിൻസി പ്രസംഗിച്ചു. ഫാ.ജോസ് കടവിൽചിറയിൽ സ്വാഗതവും സിസ്റ്റർ ജിൻസി നന്ദിയും പറഞ്ഞു.

## മതവിദ്വേഷവും വർഗീയതയും സാമൂഹ്യവിപത്ത്: ഡോ. ജോഷ്വ മാർ ഇഗ്നാത്തിയോസ്

---



മതവിദ്വേഷവും വർഗീയതയും രണ്ടും നാടിനു സാമുഹ്യവിപത്താണെന്നും പ്രപഞ്ചത്തിന്റെയും മാനവരാശിയുടേയും ഐക്യം നിലനിർത്താൻ നിയോഗിക്കപ്പെട്ടവരാണെന്ന തിരിച്ചറിവ് പുരോഹിതന്മാർക്കുണ്ടാകണമെന്നും കെസിബിസി അധ്യക്ഷൻ ഡോ. ജോഷ്വ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത പറഞ്ഞു. ചുനക്കര ചെറുപുഷ്പ ബഥനി സ്കൂളിൽ

ബിനോയ് ജോർജ്, ജോബിൻ കുര്യാക്കോസ്, ബ്ലസൻ ജോർജ്, ഷൈജു മാത്യു എന്നിവരുടെ തിരുപ്പട്ട സ്വീകരണ ചടങ്ങിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. തിരുപ്പട്ട ശുശ്രൂഷകൾക്ക് തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്ത മുഖ്യകാർമികത്വം വഹിച്ചു. ഫാ. ജെറോം പീടികപ്പറമ്പിൽ, ഫാ. മത്തായി കടവിൽ, ഫാ. ജോസ് മരിയദാസ്, ഫാ. അലോഷ്യസ് കരിമരത്തിനാൽ എന്നിവർ പ്രസംഗിച്ചു.

## യുവാക്കൾ പ്രബുദ്ധരാകണം: ആർച്ച് ബിഷപ് ഡോ. സൂസപാക്യം


------------------------------------------



വിശ്വാസത്തിന്റെ ചുവടുപിടിച്ച് യുവാക്കൾ പ്രബുദ്ധരാകണമെന്ന് ആർച്ച് ബിഷപ്പ് ഡോ. സൂസാപാക്യം ആഹ്വാനം ചെയ്തു. സമന്വയ വിഷൻ മിഷൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃ ത്വത്തിൽ മാറനല്ലൂരിൽ സംഘടി പ്പിച്ച യൂത്ത് എക്സ്പോ- 2010 ന്റെ സമാപന ത്തോടനുബന്ധിച്ച് ചേർന്ന സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. മാറ്റത്തിന്റെ കൊടുങ്കാറ്റായി നവസമൂഹത്തെ മാറ്റി മറിക്കുന്ന ശാസ്ത്രം സത്യത്തിലേയ്ക്കുള്ള മാർഗമാണ്. എന്നാൽ ശാസ്ത്രം സത്യമാണെന്ന മിഥ്യാധാരണയ്ക്കു പിന്നിൽ ദൈവത്തെ മറക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഈ അവസ്ഥയിലാണ് അശാന്തി യുടെയും അസമാധാനത്തിന്റെയും ഇരുൾ പരക്കുന്നത്. വിശ്വാസാടിസ്ഥാനത്തിന്റെ അഭാവമാണ് യുവാക്കളുടെ തകർച്ചയ്ക്കു മൂലാധാരം. ദൈവം കൂടെയുള്ള അനുഭവമാണ് സമൂഹത്തിന്റെ കേന്ദ്രമെന്നും ആർച്ച് ബിഷപ്പ് ഓർമിപ്പിച്ചു. നെയ്യാറ്റിൻകര രൂപത വികാരി ജനറാൾ മോൺ. ജി. ക്രിസ്തുദാസ് അധ്യക്ഷനായിരുന്നു. റവ. ഡോ. വിൻസെന്റ് കെ. പീറ്റർ ആമുഖപ്രഭാഷണവും കെ. മുരളീധരൻ എക്സ് എം.പി മുഖ്യ സന്ദേശവും നൽകി. എൻ. ശക്തൻ എംഎൽഎ, സുരേഷ് കുമാർ, ഉദയകുമാർ, എരുത്താവൂർ ചന്ദ്രൻ,വേണു ഗോപാൽ, ശാന്താ പ്രഭാകരൻ, ബിന്ദു, കുമാർ, റവ. സിസ്റ്റർ വെറോനിക്ക പള്ളിയിൽ, ബ്രദർ സതീഷ് എന്നിവർ പ്രസംഗിച്ചു.

## സേവനദൗത്യത്തിൽ തദ്ദേശഭരണവുമായി സഹകരിക്കണം: ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ

------------------------------------------



തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടു സഹകരിച്ചുകൊണ്ടു സഭയുടെ സാമൂഹികസേവനദൗത്യം ഭംഗിയായി നിർവഹിക്കാനാകുമെന്നു വരാപ്പുഴ ആർച്ച്ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ അഭിപ്രായപ്പെട്ടു. എറണാകുളം ആശിർഭവനിൽ കേരള റീജിയൻ ലാറ്റിൻ കാത്തലിക് കൗൺസിലിന്റെ എക്സിക്യൂട്ടീവ് യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആർച്ച്ബിഷപ് ഡോ. സൂസപാക്യം അധ്യക്ഷത വഹിച്ചു. രാഷ്ട്ര നിർമാണപ്രക്രിയയിൽ യുവജനങ്ങളെ പങ്കാളികളാക്കാൻ അവർക്കു സാമൂഹിക രാഷ്ട്രീയ അവബോധം നല്കേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഡിസംബർ 15ന് പതിനൊന്നു ലത്തീൻ കത്തോലിക്കാ രൂപതകളിലും വിവിധ പരിപാടികളോടെ ലത്തീൻ കത്തോലിക്കാദിനമായി ആചരിക്കും. അടുത്ത ജനുവരിയിലെ കെആർഎൽസിസി ജനറൽ അസംബ്ലിക്കു യുവജനങ്ങളുടെ സാമൂഹിക രാഷ്ട്രീയ മുന്നേറ്റം നവസമൂഹത്തിന് എന്ന വിഷയം പ്രമേയമായി സ്വീകരിച്ചു. ജനുവരിയിൽ എറണാകുളത്ത് ഒരു ലക്ഷം പേരെ പങ്കെടുപ്പിച്ചു സമുദായ പ്രതിനിധി സമ്മേളനം നടത്തും. ഇതിന് 11 അംഗ കമ്മിറ്റി രൂപീകരിച്ചു. കെആർഎൽസിസിയുടെ നിയമാവലിയിൽ വരുത്തേണ്ട ഭേദഗതിയെക്കുറിച്ചും യോഗം ചർച്ച നടത്തി. കെആർഎൽസിസി ട്രഷറർ പ്രഫ.എസ്.റെയ്മൺ ആർച്ച്ബിഷപ് ഡോ.ഡാനിയേൽ അച്ചാരുപറമ്പിൽ അനുസ്മരണപ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി ഫാ. സ്റ്റീഫൻ കുളക്കായത്തിൽ, ഫാ.പയസ് ആറാട്ടുകുളം, ഷാജി ജോർജ്, ജയിൻ ആൻസിൽ എന്നിവർ പ്രസംഗിച്ചു.

JAGRATHA News

"Jagratha News" - An internet news service is free and for private circulation

Web: www.kcbcsocialharmony.org, Blog: jagrathakcbc.blogspot.com

Designed and Edited by Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA

******